(സി) സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് ഉണ്ടായിരുന്ന ഏതാനും ചില ചുമതലകളാണ് ഡീലിമിറ്റേഷൻ കമ്മീഷന് നൽകിയത്. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ ചെയർമാൻ തന്നെയാണ് ഡീലിമിറ്റേഷൻ കമ്മീഷന്റെ ചെയർമാൻ. ആയതിനാൽ ഈ ചോദ്യത്തിന് പ്രസക്തിയില്ല.

(ഡി) കാലപരിധി ഇപ്പോൾ നിശ്ചയിച്ചിട്ടില്ല.

അലഞ്ഞുതിരിയുന്ന പട്ടികളെ നശിപ്പിക്കാൻ നടപടി

84 [3135] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പേവിഷബാധമൂലം 2001 ജനുവരി 1 മുതൽ 2004 ഡിസംബർ 31 വരെ എത്രപേർ മരണപ്പെട്ടിട്ടുണ്ട്;

(ബി) അലഞ്ഞുതിരിയുന്ന പട്ടികളെ നശിപ്പിക്കുന്നതിനുള്ള സംവിധാനം ഇപ്പോൾ നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്നറിയിക്കാമോ;

(ഡി) അത്തരം പട്ടികളെ നശിപ്പിക്കാൻ പാടില്ലായെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഇ) പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് അലഞ്ഞുതിരിയുന്ന പട്ടികളെ നശിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) 152 പേർ.

(ബി—ഡി) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 438-ാം വകുപ്പ് പ്രകാരവും 1998-ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടം 6 പ്രകാരവും അലഞ്ഞുതിരിഞ്ഞുനടക്കുന്ന പട്ടികളെ പിടിച്ചുനശിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്ക് തന്നെ നടപടി സ്വീകരിക്കാവുന്നതാണ്. ഇത് ടി സെക്രട്ടറിമാരുടെ അനിവാര്യ ചുമതലയുമാണ്. അലഞ്ഞുതിരിഞ്ഞു നടക്കുന്ന പട്ടികളെ പിടിച്ചു നശിപ്പിക്കുന്നതി നുപകരം അനിമൽ ബർത്ത് കൺട്രോൾ പദ്ധതി സംസ്ഥാനത്ത് വ്യാപകമായും ഫലപ്രദമായും നടപ്പിൽ വരുന്നതുവരെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പഞ്ചായത്ത്രാജ്/ മുനിസിപ്പൽ ആക്ട് പ്രകാരമുള്ള അധികാരമുപയോഗിച്ച് അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ പിടിച്ചുനശിപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കാൻ സർക്കാർ 3-7-2002-ൽ നിർദ്ദേശം നൽകിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ പ്രിവൻഷൻ ഓഫ് ക്രൂവൽറ്റി റ്റു അനിമൽസ് ആക്ട് 1960 എന്ന കേന്ദ്ര നിയമപ്രകാരം തെരുവ് നായ്ക്കളെ കൊല്ലുന്നത് ശിക്ഷാർഹമാണെന്നും ടി ആക്ടിലെ 38-ാം വകുപ്പ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള അനിമൽ ബർത്ത് കൺട്രോൾ ചട്ടം 2001 പ്രകാരമുള്ള വന്ധീകരണ കുത്തിവയ്പ്പ് തുടങ്ങിയ നടപടികളാണ് സ്വീകരിക്കേണ്ടതെന്നും കേന്ദ്രസർക്കാർ ചൂണ്ടിക്കാണിച്ച സാഹചര്യത്തിൽ 2-8-2002-ൽ ടി നിർദ്ദേശം പിൻവലിക്കേണ്ടിവന്നതുമൂലം അലഞ്ഞുതിരിയുന്ന പട്ടികളെ പിടിച്ചു നശിപ്പിക്കുവാൻ കഴിയാതെ വന്നിരിക്കുകയാണ്.

(ഇ) എ. ബി. സി./എ. ആർ. (അനിമൽ ബർത്ത് കൺട്രോൾ/ആന്റി റാബി) വാക്സിനേഷൻ പദ്ധതിപ്രകാരം നായ്ക്കളെ പിടിച്ച് ശസ്ത്രക്രിയയ്ക്ക് എത്തിക്കുക, ശസ്ത്രക്രിയ കഴിഞ്ഞുള്ള ഒരാഴ്ചത്തെ പരിചരണം നൽകുക, തിരിച്ചറിയാൻ അടയാളമിട്ട് പിടിച്ച സ്ഥലത്ത് തിരിച്ചുവിടുക എന്നീ കാര്യങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും, ശസ്ത്രക്രിയ ചെയ്യുക ചികിൽസാ പ്രതിരോധ കുത്തിവയ്പ് നടത്തുക എന്നിവ മൃഗസംരക്ഷണവകുപ്പും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കുത്തിവയ്പ്പ് സംബന്ധിച്ച് കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം അനുസരിച്ച് ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥൻമാർക്കും ഇത് സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കൾ മനുഷ്യന് വളരെ ശല്യം ചെയ്യുകയും അവയിൽ നല്ലശതമാനവും പേബാധയേറ്റതിനാലും അവയുടെ ശല്യം മനുഷ്യന്റെ മരണത്തിനും കാരണമായേക്കാമെന്നതിനാലും അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ പിടിച്ചു നശിപ്പിക്കുന്നതിന് 2-8-2002-ൽ സർക്കാർ നൽകിയ നിരോധന ഉത്തരവ് പിൻവലിക്കണമെന്ന് കാണിച്ച് പാലക്കാട് മുനിസിപ്പാലിറ്റി 11-ാം വാർഡ് കൗൺസിലർ ശ്രീ. ഭാസ്കരൻ പൊതുതാൽപ്പര്യ ഹർജി ഫയൽ ചെയ്തിരുന്നു. ടി ഹർജി (നമ്പർ 23543/2003)-യിന്മേൽ ഉള്ള വിധി ബഹു. ഹൈക്കോടതി അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ പ്രത്യേകിച്ച് അസുഖം പിടിച്ചതും അപകടകാരികളുമായ നായ്ക്കളെ നശിപ്പിക്കുന്ന നിലവിലുള്ള നിയമങ്ങൾ കർശനമായി പാലിക്കാൻ നിർദ്ദേശിച്ചിരുന്നു.

പ്രിവിൻഷൻ ഓഫ് ക്രൂവൽറ്റി റ്റു അനിമൽസ് ആക്ട് സെക്ഷൻ 11 സബ് സെക്ഷൻ 3 ക്ലാസ് (ബി) പ്രകാരം അപകടകാരികളായ നായ്ക്കളെ ലീതൽ ചേമ്പേഴ്സ് ഉപയോഗിച്ച് നശിപ്പിക്കുന്നത് നിയമപരമായി അംഗീകരിച്ചിട്ടുള്ള രീതിയാണെന്നും ആയതിനാൽ ഹൈക്കോടതി വിധിക്കെതിരെ അപ്പീലിനു സാദ്ധ്യതയില്ലെന്നും ഹൈക്കോടതി വിധി അക്ഷരംപ്രതി നടപ്പിലാക്കുകയാണ് വേണ്ടതെന്നും നിയമവകുപ്പും അഭിപ്രായപ്പെട്ടിട്ടുണ്ട്.

നിയമവകുപ്പിന്റെ അഭിപ്രായപ്രകാരം ഇതുസംബന്ധിച്ച് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ആവശ്യമായ നിർദ്ദേശം നൽകാൻ അർബൻ അഫയേഴ്സ് ഡയറക്ടർക്കും പഞ്ചായത്ത് ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly